പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3638 15.07.2015 ന് മറുപടിയ്ക്ക്.

## കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ശ്രീ.സി.പി.മുഹമ്മദ് :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് മുഖേന ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കമോ; | (എ) ഉണ്ട്. ഐ.ടി.ഐ.കളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കോഴ്സുകൾ ഉൾപ്പെടുത്തി നവീകരിക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന ഈ പദ്ധതിക്ക് അനുയോജ്യമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കമോ; | (ബി) നിലവിലുള്ള ഐ.ടി.ഐ.കളെ നവീകരിച്ച് സിംഗപ്പൂർ മാതൃകയിലുള്ള പരിശീലനം നൽകുകയും അപ്രകാരം മാനവവിഭവശേഷി വർദ്ധിപ്പിച്ച് ആഗോള തലത്തിൽ തൊഴിൽ സാധ്യതയും തൊഴിൽ ലഭ്യതയും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം |
| (സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരിച്ചിട്ടുള്ളത്; | (സി) ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന പ്രസ്തുത പദ്ധതി നടത്തിപ്പിനായി അനുയോജ്യമായ പങ്കാളിയെ കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചു |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കമോ? | (ഡി) ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന, സാദ്ധ്യത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ